



# പി. കൃഷ്ണപിള്ളയെക്കാൾ നമുക്കിഷ്ടം പിണറായി വിജയനെ!

**സിവിക് ചന്ദ്രൻ**

കേരള രാഷ്ട്രീയം അതിന്റെ ഇടത്തേ അറ്റത്ത് ഇ.എം.എസ് വലത്തേ അറ്റത്ത് കെ. കരുണാകരനുമായി ധ്രുവീകരിക്കപ്പെട്ടിരിക്കുന്നു. അപ്പുറത്ത് കരുണാകരനെങ്കിൽ ഇപ്പുറത്ത് ഇ.എം.എസ്. ഇപ്പുറത്ത് ഇ.എം.എസെങ്കിൽ അപ്പുറത്ത് കരുണാകരൻ എന്നൊരു സമവാക്യമുണ്ട്. പൂരിപ്പിക്കാവുന്നതേയുള്ളു ഈ രാഷ്ട്രീയം. ഇടതുപക്ഷത്തെ ഒരു സഖാവിനോട് ചോദിച്ചു നോക്കൂ, അവർക്കിഷ്ടപ്പെട്ട കോൺഗ്രസ് നേതാവാരാണ്? അത് ആന്റണിയോ ഉമ്മൻ ചാണ്ടിയോ അല്ല, കെ. കരുണാകരനാണ്. ഒരു കോൺഗ്രസ്കാരനോട് ചോദിക്കൂ, അവർക്കിഷ്ടപ്പെട്ട കമ്മ്യൂണിസ്റ്റ് നേതാവാരാണ്? അവരുടെ മറുപടി ഇ.എം.എസ് എന്നു തന്നെയാണ്. ഇത് കേരള രാഷ്ട്രീയം എത്തിപ്പെട്ടിരിക്കുന്ന വിഷമവൃത്തത്തെ സൂചിപ്പിക്കുന്നു.

അടിയന്തരാവസ്ഥ ഈ രാഷ്ട്രീയത്തിന്റെ ഒരു ബ്രേക്കിംഗ് പോയിന്റാണ്. എഴുപതുകൾ ലോകമിപ്പോൾ വിമോചിമാകുമെന്ന് വ്യാമോഹിച്ചിരുന്ന ദശകമായിരുന്നു. ആ കാലത്തു തന്നെ അതിന്റെ പ്രത്യാഘാതമെന്നോണം വ്യവസ്ഥാപിത രാഷ്ട്രീയം കലങ്ങി മറിഞ്ഞിരുന്നു. അപ്പോഴാണ് ബിഹാറിലെയും ഗുജറാത്തിലെയും വിദ്യാർഥി പ്രക്ഷോഭങ്ങളിൽ ആവേശഭരിതനായി ജയപ്രകാശിന്റെ തിരിച്ചു വരവ്. ഒരടിയന്തരാവസ്ഥ കൊണ്ടല്ലാതെ ഇന്ദിരാഗാന്ധിക്ക് ഈ അവസ്ഥയെ നേരിടാനാവില്ലായിരുന്നു.

ഇന്ത്യയിലെ ഇതര ഭാഗങ്ങളിൽ സംഭവിച്ചതു പോലെ ലിബറൽ ജനാധിപത്യവാദികളുടെ ഒരു ധ്രുവീകരണം കേരളത്തിൽ സംഭവിച്ചില്ല. അതുകൊണ്ട് കേരളത്തിൽ നക്സലൈറ്റുകാരും ആർ.എസ്.എസുകാരുമായിരുന്നു അടിയന്തരാവസ്ഥയെ എതിർത്തവരും അതിന്റെ ഇരകളും . ഈ സമയത്ത് ഭരിച്ചിരുന്നത് കെ. കരുണാകരനും അച്യുതമേനോനും നയിക്കുന്ന ഒരു മന്ത്രിസഭയായിരുന്നല്ലോ. അച്യുത മേനോനെ നോക്കുകുത്തിയാക്കിക്കൊണ്ട് കെ. കരുണാകരനായിരുന്നു



യഥാർഥത്തിൽ ഭരിച്ചിരുന്നത്. രാഷ്ട്രീയത്തിലും സിവിൽ സർവീസിലും പോലീസിലുമുള്ള ഉപജാപക വൃന്ദം കരുണാകരനെ സർവാത്മനാ പിന്തുണച്ചു. ഇങ്ങനെയാണ് അടിയന്തരാവസ്ഥക്കാലത്തെ പാതകങ്ങൾ സംഭവിക്കുന്നത്. ശാസ്തമംഗലത്തെ കോൺസെൻട്രേഷൻ ക്യാമ്പും കക്കയം ക്യാമ്പും വർക്കല വിജയന്റെയും രാജന്റെയും രക്തസാക്ഷിത്വങ്ങളും സംഭവിക്കുന്നത് അങ്ങനെയാണ്.

അടിയന്താരാവസ്ഥയുടെ പാതകങ്ങൾ അത്രയും എണ്ണിയെണ്ണിക്കേട്ടിട്ടും കേരളത്തിലെ വോട്ടർമാർ കരുണാകരനെ ത്തന്നെ വീണ്ടും ഭരണം തിരിച്ചേൽപിച്ചു എന്നത് പേർത്തും പേർത്തും പറയാറുള്ളതാണല്ലോ. പക്ഷെ, അതിൽ അത്ഭുപ്പെടാനെന്തുള്ളൂ. അടിയന്തരാവസ്ഥയെ എതിർത്തവർ ജനാധിപത്യവാദികളായിരുന്നില്ല! അടിയന്തരാവസ്ഥയുടെ മുറിവുകൾ തൊട്ടു കാണിച്ചു പോലും അവർക്കൊരു പൗരാവകാശ പ്രസ്ഥാനം സംഘടിപ്പിക്കാനായില്ല. ലിബറൽ ജനാധിപത്യവാദികൾ മിക്കവാറുമുണ്ടായിരുന്നില്ല. ഉള്ളവർ കുറ്റബോധത്താൽ നിശബ്ദരുമായിരുന്നു. അടിയന്തരാവസ്ഥയെ ചൊല്ലിയുള്ള മാധ്യമ വ്യാഖ്യാനങ്ങൾ ജനങ്ങളെ അടിയരാവസ്ഥയ്ക്ക് എതിരാക്കുന്നതിനു പകരം പേടിപ്പിക്കുകയാണുണ്ടായത്.

ഇപ്പോൾ കരുണാകരൻ നമുക്കിടയിലില്ല. പക്ഷെ കരുണാകരന് മാപ്പു കൊടുക്കുമ്പോൾ കരുണാകരൻ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയത്തെ അംഗീകരിക്കുകയാണ് നാം– അഖിലേന്ത്യാ കോൺഗ്രസ് തള്ളിക്കളഞ്ഞ അതേ അടിയന്തരാവസ്ഥയെയും സഞ്ജയ് ഗാന്ധിയെയും. മലയാളികളും അടിയന്തരാവസ്ഥയെയും അതിന്റെ വക്താവായ കരുണാകരനെയും തള്ളപ്പറയേണ്ടതായിരുന്നു, പക്ഷെ പി. കൃഷ്ണപിള്ളയെക്കാൾ നമുക്കിഷ്ടം പിണറായ വിജയനെയാണല്ലോ. മുഹമ്മദ് അബ്ദു റഹിമാനെക്കാൾ നല്ല കോൺഗ്രസുകാരൻ കരുണാകരനാണോ എന്ന് പുനരാലോചിക്കുന്നത് കൊള്ളാം.